(സി) മത്സ്യത്തൊഴിലാളികളുടെ കൂട്ടായ പങ്കാളിത്തം 'തീരവേട്ട' എന്ന പരിശീലന പരിപാടിയിൽ ഉപയോഗപ്പെടുത്തിവരുന്നു. തീരദേശ പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ മുഖേന മത്സ്യത്തൊഴിലാളികൾക്കിടയിൽ തീരസുരക്ഷ സംബന്ധിച്ച അവബോധവും ജാഗ്രതയും നൽകിവരുന്നു. നാവിക സേന, കോസ്റ്റ് ഗാർഡ്, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വിവരങ്ങൾ തീരദേശ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കായി ടോൾഫ്രീ നമ്പർ 1093 ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. കൂടാതെ ജാഗ്രതാ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും മൊബൈൽ ടോപ്അപ്പുകളും സൗജന്യമായി നൽകിവരുന്നു.

ഹൈക്കോടതി ബഞ്ചിനുള്ള അപേക്ഷ

26(*626) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഹൈക്കോടതി ബെഞ്ചിനുള്ള അപേക്ഷ ലഭിച്ചാൽ അനുഭാവത്തോടെ പരിഗണിക്കുമെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷ ചീഫ് ജസ്റ്റിസിന്റെ അനുമതിയോടെ അടിയന്തരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി) :

(എ) 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേന്ദ്ര സർക്കാരും ഹൈക്കോടതിയും ഇക്കാര്യത്തിൽ ഒരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007 ജനുവരിയിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേന്ദ്ര നിയമ മന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് 14-12-2007-ൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് കാരണമൊന്നും നൽകാതെ അഭ്യർത്ഥനയെ നിരാകരിച്ചു. 27-12-2007-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിനോട് തീരുമാനം പുനഃപരിശോക്കുവാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. തദനുസരണം 29-1-2008-ലെ 26880/ലെഗ്.ബി.1/07 നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും 4-2-2008-ലെ 26880/ലെഗ്.ബി.1/07/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥിച്ചിരുന്നു. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസ് തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നതിന് സമ്മതം നൽകിയിട്ടില്ല. 25-3-2008-ൽ ബഹുമാന്യരായ മുഖ്യമന്ത്രിയും നിയമ മന്ത്രിയും ഇതിലേയ്ക്കായി പൂർണ്ണമായ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട കേരള ഗവർണർക്ക് സമർപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-2008-ൽ ബഹുമാന്യനായ ഇന്ത്യൻ പ്രസിഡന്റിനെയും 15-4-2008-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ഉപദേശം നൽകുവാൻ കേന്ദ്ര മന്ത്രിസഭയോട് അഭ്യർത്ഥിക്കുവാനും 18-6-2008-ൽ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. 29-9-2008-ൽ ചേർന്ന മന്ത്രിസഭായോഗം നിർദ്ദിഷ്ട ഹൈക്കോടതി ബഞ്ചിന്റെ ആസ്ഥാനമായി വഞ്ചിയൂരിലെ കോടതിയോട് ചേർന്നുള്ള പഴയ കളക്ടേറ്റ് മന്ദിരത്തെ മാറ്റിവയ്ക്കുന്നതിനായി തീരുമാനിച്ചു. 18-11-2008-ലെ സർക്കാർ ഉത്തരവ് (സാ) നമ്പർ 3630/08/റവന്യൂ പ്രകാരം ഹൈക്കോടതി ബഞ്ചിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപ കെട്ടിടം പുതുക്കിപ്പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം മുഖ്യമന്ത്രിയേയും ചീഫ് ജസ്റ്റിസുമാരുടെയും സമ്മേളനം കൈക്കൊള്ളുന്ന തീരുമാനം പരിശോധിക്കുന്നതിനായി രൂപീകരിച്ച Second Level Monitoring Committee വിളിച്ചുകൂട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കാം എന്നതാണ് കേന്ദ്ര നിലപാട്. ഹൈക്കോടതി ബഞ്ച് സംസ്ഥാനത്ത് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്.

(ബി) മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച പ്രസ്താവന സംബന്ധിച്ച് അറിയിപ്പുകളൊന്നും നിയമ വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

ജയിൽ വകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി

27(*627) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജയിൽ വകുപ്പിന്റെ പരിഷ്കരണത്തിന് പദ്ധതി രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ജയിലുകളുടെ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ജയിലുകളുടെ നവീകരണം, അടിസ്ഥാനസൗകര്യ വികസനം, ആധുനീകരണം, പുതിയ ജയിലുകൾ സ്ഥാപിക്കൽ, തടവുകാർക്കുള്ള തൊഴിൽ പരിശീലനം മറ്റ് ക്ഷേമപ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലൂടെ ജയിലുകളെ സംശുദ്ധീകരണ സാന്മാർഗ്ഗീകരണ കേന്ദ്രങ്ങളാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) 2014-15-ൽ 'ജയിലുകളുടെ നവീകരണം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3.43 കോടി (മൂന്ന് കോടി നാൽപ്പത്തിമൂന്ന് ലക്ഷം) രൂപയും 'തടവുകാരുടെ ക്ഷേമം' പദ്ധതിയിൽ ഉൾപ്പെടുത്തി 3.49 കോടി (മൂന്ന് കോടി നാൽപ്പത്തിയൊൻപത് ലക്ഷം) രൂപയും ചെലവഴിക്കുകയുണ്ടായി. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, (2011-15) കാലയളവിൽ 153.10 കോടി രൂപയുടെ (നൂറ്റി അൻപത്തി മൂന്ന് കോടി പത്ത് ലക്ഷം രൂപ മാത്രം) വിവിധ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly